

ഡോ. തോമസ് മാമ്പ്ര സി.എം.ഐ


# ചാവറയച്ചൻ: വിശ്വാസസംരക്ഷകൻ

## ആമുഖം

പത്തൊൻപതാം ശതാബ്ദത്തിലെ കേരളസഭാചരിത്രം
സി.എം.ഐ സഭയുടെയും വാഴ്ത്തപ്പെട്ട ചാവറ കുര്യാ
ക്കോസ് ഏലിയാസച്ചന്റെയും ചരിത്രത്തോടും പ്രവർത്തന
ങ്ങളോടും അഭേദ്യം ബന്ധപ്പെട്ടതാണ്. ചാവറയച്ചനെ സഭ
യുടെ 'വിശ്വാസസംരക്ഷകനായി' ദർശിക്കുന്നതിന്റെ
സാംഗത്യം വ്യക്തമാക്കുവാൻ ചില പ്രധാന ഘടകങ്ങൾ
അവശ്യം അനുസ്മരിക്കേണ്ടതുണ്ട്. 1. കേരളസഭയും
കൽദായ സുറിയാനി സഭയുമായുള്ള സുദീർഘമായ ബന്ധം.
2. കൊളോണിയൽ 'പദ്രാവാദോ' വ്യവസ്ഥയിൽ ലത്തീൻ
സഭാധികാരികളും വിദേശ രാഷ്ട്രീയാധികാരവും ഏതദ്ദേ
ശീയ ജനതകളുടെയും സഭകളുടെയുംമേൽ നടത്തിയിരുന്ന
അധീശത്വം. 3. 'തോമ്മയുടെ നിയമം' അനുസരിക്കുന്ന കേര
ളത്തിലെ പൗരസ്ത്യസഭയ്ക്ക് സ്വന്തറീത്തിൽനിന്നും ജാതി
യിൽ നിന്നും മേലധ്യക്ഷന്മാരെ ലഭിക്കണമെന്നുള്ള അദമ്യ
മായ അഭിലാഷം. 4. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിശാല
മായ സഭാവിജ്ഞാനീയവും ആഴമേറിയ ആധ്യാത്മീകതയും.
സമഗ്രഗവേഷണ പഠനാർഹമായ ഈ വിഷയം ലേഖനപരി
ധിയിൽ നിന്നുകൊണ്ട് സംക്ഷിപ്തമായി പ്രതിപാദിക്കാം.

## കേരളസഭയും കൽദായ സുറിയാനിസഭയും തമ്മിലുള്ള ബന്ധം

അപ്പസ്തോലനായ മാർത്തോമ്മായുടെ ഭാരതസുവിശേ
ഷവത്കരണം മറ്റേതു കാലത്തേക്കാൾ ഇന്ന് സഭാചരിത്ര
കാരന്മാർ അംഗീകരിക്കുന്നുണ്ട്. തോമാശ്ലീഹാ ഇവിടെ സഭാ
സമൂഹങ്ങൾ സ്ഥാപിച്ചപ്പോൾ അവയ്ക്കു നേതൃത്വം നൽകു



ചാവറയച്ചൻ ആദ്യ സി.എം.സി സന്യാസിനികളുടെ വ്രതം സ്വീകരിക്കുന്നു- രാമചന്ദ്രൻ മാസ്റ്ററുടെ പെയിന്റിംഗ് ശേഖരത്തിൽനിന്ന്

DHARMARAM COLLEGE LIBRARY
BANGALORE - 29

വാനും പൗരോഹിത്യ ശുശ്രൂഷ നടത്തുവാനും വൈദിക രെയും മേലധ്യക്ഷന്മാരെയും അഭിഷേകം ചെയ്തിരുന്നു വെന്ന് ന്യായമായും കരുതണം. എ.ഡി 345-ലെ നിഖ്യാ സൂനഹദോസോടുകൂടിയാണ് വിദൂരസ്ഥലങ്ങളായ പല സഭ കളെക്കുറിച്ചും മറ്റു സഭകൾക്ക് അറിവു ലഭിക്കാനിടയായ തെന്നാണ് പണ്ഡിതമതം.

പശ്ചിമേഷ്യയിലെ സഭാസമൂഹങ്ങളുമായി ആരംഭകാലം മുതൽക്കെ ഭാരതക്രൈസ്തവ സഭാ സമൂഹങ്ങൾക്കുണ്ടായി രുന്ന വാണിജ്യവ്യാപാര ബന്ധങ്ങൾ കാലക്രമത്തിൽ കൂടു തൽ ദൃഢതരമാകുന്നതായി ചരിത്രം പറയുന്നു. സഭാസ്ഥാ പകരുടെ പരസ്പര ബന്ധങ്ങളും ഇരുകൂട്ടരും ഉപയോഗിച്ചി രുന്ന സുറിയാനി വിശുദ്ധ ഗ്രന്ഥങ്ങളും സുറിയാനി ഭാഷയു മെല്ലാം ചേർന്ന് ഈ സഭകൾക്ക് ഒരു പൊതുമുഖം നൽകി യെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. നാലാം ശതാബ്ദത്തോടുകൂടി പശ്ചിമേഷ്യൻ സഭയിൽ നിന്ന് പ്രത്യേ കിച്ച്, ബാബേലിലെ കൽദായ സുറിയാനി സഭയിൽ നിന്ന് ഭാരതസഭയിൽ മെത്രാന്മാരെ സ്വീകരിച്ചിരുന്നതായും കാണു ന്നുണ്ട്. ക്രമേണ പതിമൂന്നാം നൂറ്റാണ്ടോടുകൂടി പശ്ചിമേ ഷ്യൻ വ്യാപാരസംഘങ്ങൾ മുസ്‌ലിം വാണിജ്യസംഘ ങ്ങൾക്ക് വഴിമാറിക്കൊടുക്കേണ്ടിവന്നു. എങ്കിലും ഇരുസഭ കളും തമ്മിലുള്ള ബന്ധങ്ങളും കൽദായ പാത്രീയർക്കീസ് കേരളസഭയ്ക്ക് അവരുടെ അഭ്യർഥനയനുസരിച്ചു മേലധ്യ ക്ഷന്മാരെ നിയമിച്ചുനൽകുന്ന പതിവും തുടർന്നുപോന്നു. നാലാം നൂറ്റാണ്ടിനും പതിനഞ്ചാം ശതാബ്ദത്തിനുമിടയിൽ മധ്യകേരളത്തിൽ ധാരാളം സുറിയാനി ക്രൈസ്തവ സമൂ ഹങ്ങളും ദേവാലയങ്ങളും സ്ഥാപിതമായി. തങ്ങളുടെ സ്വന്ത മായ സുറിയാനി റീത്തിനോടും (തോമായുടെ മാർഗം - Law of Thomas) അതേ റീത്തിൽപ്പെട്ട മെത്രാന്മാരോടും അവർ വിദേശികളായിരുന്നാൽപ്പോലും, കേരള സുറിയാനി കത്തോ ലിക്കർക്ക് അതുല്യമായ സ്നേഹബഹുമാനാദരങ്ങളാണു ണ്ടായിരുന്നത്. മറ്റൊരു റീത്തിനെക്കുറിച്ചോ റീത്തിൽപ്പെട്ട മെത്രാന്മാരെക്കുറിച്ചോ 15-ാം നൂറ്റാണ്ടിന്റെ അവസാനം വരെ പറയത്തക്ക അറിവൊന്നും അവർക്കുണ്ടായിരുന്നതായി കാണുന്നില്ല.

## കൊളോണിയൽ രാഷ്ട്രീയ, സഭാധികാരികളുടെ അധീശത്വം കേരള സഭയിൽ

1498-ൽ കോഴിക്കോട്ടും പിന്നീടു ഗോവയിലും എത്തി ച്ചേർന്ന പോർട്ടുഗീസുകാർ കൊച്ചിയും ഗോവയും കേന്ദ്രീ കരിച്ചാണ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും വികസ്വരമാ ക്കുകയും ചെയ്തത്. തെക്കേ അമേരിക്കയിൽ സ്പെയിൻകാർക്കു നൽകിയതുപോലെയുള്ള അധികാരാവ കാശങ്ങൾ മാർപ്പാപ്പ 'പദ്രൊവാദോ' ഉടമ്പടിയിലൂടെ പോർച്ചു ഗീസ് അധിനിവേശ പ്രദേശങ്ങളിൽ പോർട്ടുഗൽ രാജാവിനും നൽകി. അതനുസരിച്ച് പോർട്ടുഗലിന്റെ അധീനതയിൽപ്പെട്ട സ്ഥലങ്ങളിൽ മെത്രാന്മാരെ നാമനിർദേശം ചെയ്യുവാനുള്ള അധികാരം പോർട്ടുഗൽ രാജാവിനു ലഭിച്ചു. ഈ അധികാരം ഉപയോഗിച്ചു ഭാരതത്തിലും കേരളത്തിലും ലത്തീൻ സഭാ ധികാരം ഏർപ്പെടുത്തുവാനും സ്ഥിരീകരിക്കുവാനുമുള്ള പരി ശ്രമങ്ങൾ ആരംഭിച്ചു നടപ്പിലാക്കുകയായി. 1516 വരെ കേരള സുറിയാനി സഭയ്ക്ക് പോർട്ടുഗീസുകാരുമായും ലത്തീൻ സഭാധികാരികളുമായും പറയത്തക്ക പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ 1517-ൽ നടാടെ Alvaro Penteado എന്ന പോർട്ടുഗീസ് വൈദികൻ കേരള സഭയ്ക്ക് നെസ്തോ റിയൻ പാഷണ്ഡത ആരോപിച്ചു. കേരള സഭയിൽ ചിലയവ സരങ്ങളിൽ രണ്ടു കൽദായ മെത്രാന്മാരുണ്ടായിരുന്നതായും അവരിലൊരാൾ വിരളമായിട്ടെങ്കിലും നെസ്തോറിയൻ ചിന്താഗതിക്കാരനായിരുന്നതായും ചില ചരിത്ര പഠിതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നു വരികിലും തങ്ങളുടെ ലത്തീൻ റീത്തിനും കൂദാശാപരികർമ്മ വിധികൾക്കും വ്യത്യസ്തമായി സുറിയാനി ക്രമത്തിൽ കണ്ടവയ്ക്കെല്ലാം പോർട്ടുഗീസുകാർ പൊതുവിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചിരു ന്നതായിട്ടാണ് കാണുന്നത്. ഏതാണ്ട് ഈ കാലയളവിൽ യൂറോപ്പിൽ കത്തോലിക്കാ സഭയ്ക്കെതിരായി പ്രൊട്ടസ്റ്റന്റു നവീകരണ പ്രസ്ഥാനം സമാരംഭിച്ചിരുന്നത്, ആരോപണം ഗൗരവമായി വീക്ഷിക്കുന്നതിനും അതിന്റെ വളർച്ച നിരുത്സാ ഹപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ സജീവമാക്കുന്നതിനു കാരണമായി. 1595-ൽ ക്ലെമെന്റ് എട്ടാമൻ മാർപ്പാപ്പ കേരള സുറിയാനി സഭയെ 'പദ്രൊവാദോ'യുമായി ബന്ധപ്പെടുത്തു കയും 1599-ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം 'പദ്രൊവാദോ' ഭരണത്തിൻ കീഴിലാക്കുകയും ചെയ്തു. വൈപ്പിൻ കോട്ട സെമിനാരിസ്ഥാപനവും അവിടത്തെ ഈശോസഭാ വൈദികരുടെ സുറിയാനിക്കാർക്കിടയിലെ അജപാലനവുമെല്ലാം അവരെ ലത്തീൻ സഭയോട് അടുപ്പി ക്കുവാനും കൽദായ പാത്രിയർക്കീസിൽ നിന്ന് അകറ്റാനു മുള്ള തന്ത്രപരമായ നീക്കങ്ങളായി അവർ മനസിലാക്കി. അവ രുടെയിടയിൽ ഭരണം നടത്തിയിരുന്ന കൽദായ മെത്രാന്മാരെ ശീശ്മ ആരോപിച്ചും ബലം പ്രയോഗിച്ചും പലപ്പോഴും നീക്കം ചെയ്തതും ചില മെത്രാന്മാർ പോർട്ടുഗീസുകാരുടെ കസ്റ്റ ഡിയിൽവച്ചു മരിക്കുവാനിടയായതും ലത്തീൻ/പോർട്ടുഗീസ് സഭാ പ്രവർത്തനങ്ങളെ കൂടുതൽ സംശയദൃഷ്ടിയോടെ




ചാവറയച്ചൻ ഉപയോഗിച്ചിരുന്ന കട്ടിൽ മാന്നാനം മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു

വീക്ഷിക്കുവാൻ കളമൊരുക്കി. സ്വന്തം റീത്തിൽപ്പെട്ട വൈദികമേലദ്ധ്യന്മാരില്ലെങ്കിൽ പരമ്പരാഗതമായ അവരുടെ റീത്തും ആചാരങ്ങളും സുരക്ഷിതമായിരിക്കയില്ലെന്നും, അവർക്ക് അന്യമായ ലത്തീൻ റീത്തും ആചാരാനുഷ്ഠാനങ്ങളും അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെടുമെന്നും അവർ ഉറച്ചു വിശ്വസിച്ചു. അതുകൊണ്ട് എന്തു ത്യാഗം സഹിച്ചും സുറിയാനി മെത്രാൻമാരെ ലഭിക്കുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ അവർ തീവ്രമായി തുടർന്നു കൊണ്ടിരുന്നു. മറുവശത്ത് സുറിയാനിക്കാരുടെയിടയിൽ 'നെസ്തോറിയൻ പാഷണ്ഡത' കടന്നു വരുന്നതിനും തുടരുന്നതിനും പ്രധാനകാരണം കൽദായ മെത്രാന്മാരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളുമാണെന്നും, അതുകൊണ്ട് ആരോപിക്കപ്പെട്ട പാഷണ്ഡത തടയുന്നതിനുള്ള ഏക മാർഗം കേരളത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് കൽദായ മെത്രാന്മാരെ തടയുകയാണെന്നും പോർട്ടുഗീസ് സഭാധികാരികൾ അനുമാനിച്ചു. മാത്രമല്ല, കൽദായ മെത്രാന്മാർ കേരളത്തിലുള്ളിടത്തോളം കാലം സുറിയാനിക്കാരെ ലത്തീൻ ഭരണത്തിലാക്കുവാനോ, അവരുടെ റീത്ത് ലത്തീനീകരിക്കുവാനോ സാധിക്കയില്ലെന്നും അവർ തിരിച്ചറിഞ്ഞു. അതുകൊണ്ട് കൽദായ മെത്രാന്മാരുടെ കേരളപ്രവേശനവും സാന്നിദ്ധ്യവും എങ്ങനെയും തടയണമെന്നും അതിനുപയുക്തമായ മാർഗങ്ങൾ സഭാതലത്തിലും രാഷ്ട്രീയാധികാരതലത്തിലും സ്വീകരിക്കണമെന്നും പോർട്ടുഗീസധികാരികൾ തീരുമാനിച്ചു. 1662-ൽ റോമിൽ പ്രൊപ്പഗാന്താ തിരുസംഘം സ്ഥാപിക്കുകയും കാലാന്തരത്തിൽ രാഷ്ട്രീയ കൊളോണിയൽ ശക്തി ബ്രിട്ടീഷ് മേൽക്കോയ്മ ആയിത്തീരുകയും ചെയ്തപ്പോഴും കേരളത്തിലെ സുറിയാനിക്കാർ 'പദ്രോവാദോ' അധികാരത്തിൻ കീഴിലും 'പ്രൊപ്പഗാന്താ' അധികാരത്തിൻ കീഴിലുമായി തുടരുകയാണുണ്ടായത്. 'പ്രൊപ്പഗാന്താ' അധികാരത്തിലുണ്ടായിരുന്ന വിദേശീയരായ വരാപ്പുഴ വൈദിക മേലദ്ധ്യക്ഷന്മാരും സുറിയാനിക്കാരെ ലത്തീനധികാരത്തിൻകീഴിൽ നിലനിർത്തുവാൻ ആഗ്രഹിച്ചതുകൊണ്ടും സാധിക്കുന്നിടത്തോളം കൽദായ മെത്രാന്മാർ കേരളത്തിലേയ്ക്ക് വരാതിരിക്കുവാൻ വേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു. ലത്തീനധികാരികളുടെ ഇത്തരം നിരോധനം ശക്തിപ്പെടുന്തോറും കൽദായ മെത്രാന്മാരെ കൊണ്ടുവരുവാനുള്ള സുറിയാനിക്കാരുടെ നിശ്ചയം കൂടുതൽ ദൃഢതരമാകുകയും പരിശ്രമങ്ങൾ ദ്വിഗുണീഭവിക്കുകയും ചെയ്തിരുന്നു.

## റോക്കോസ് മെത്രാന്റെ കേരളത്തിലെ സാന്നിദ്ധ്യം

**a) മെത്രാന്റെ കേരളാഗമനം:** കുറെ കാലമായി കൽദായമെത്രാന്മാർ കേരളത്തിൽ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് 1852-ൽ ദെനഹാ ബർയോന എന്ന കൽദായ വൈദികൻ കേരളത്തിൽ വന്നത്. അദ്ദേഹവുമായുള്ള സുറിയാനി പക്ഷത്തെ ചില നേതാക്കന്മാരുടെ ചർച്ചയിൽ കൽദായ മെത്രാനെ ലഭിക്കുവാനുള്ള അവരുടെ തീവ്രമായ ആഗ്രഹം കത്തുകൾ മുഖേന കൽദായപാത്രിയർക്കീസിനെ നിർബന്ധപൂർവം അറിയിച്ചാൽ പാത്രിയർക്കീസ് അതു സാധിച്ചു കൊടുക്കുമെന്നും കത്തെഴുതാൻ അദ്ദേഹം തന്നെ അവരെ സഹായിക്കാമെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ സഹായത്തോടെ എഴുതിയ പല കത്തുകളും നിവേദനങ്ങളും സഹിതം വരാപ്പുഴ അധികാരത്തോടു നീരസത്തിൽ കഴിഞ്ഞിരുന്ന കുടക്കച്ചിറ അന്തോനിയച്ചനും ഏതാനും വൈദികരും ശെമ്മാശന്മാരും 1854-ൽ ബാബേലിലേയ്ക്ക് കപ്പൽയാത്ര തിരിച്ചു. കൽദായ പാത്രിയർക്കീസിന് നിവേദനം കൊടുക്കരുതെന്ന് വരാപ്പുഴനിന്ന് നിർദേശിച്ചെങ്കിലും ആ ആജ്ഞ ലംഘിച്ച് പള്ളിക്കുറ്റത്തിന് വിധേയനായിട്ടാണ് കുടക്കച്ചിറയച്ചൻ ബാബേലിലേയ്ക്ക് പോയത്. പാത്രിയർക്കീസിനെ സന്ദർശിച്ചു നിവേദനങ്ങൾ സമർപ്പിച്ചെങ്കിലും പാത്രിയർക്കീസിൽ നിന്ന് അനുഭാവ പൂർണമായ മറുപടി ലഭിച്ചില്ല. എങ്കിലും അതിനുശേഷം നിരന്തരവും നിർബന്ധപൂർണവുമായ പ്രേരണയ്ക്കു വഴങ്ങി പാത്രിയർക്കീസ് തോമ്മാ


ST. VINCENT GROUP OF CMI SCHOOLS AT PALA



ST. VINCENT ENG. MED. H.S.S.
(Established in 1963) Ph: 212975
State Syllabus - From Std. I to XII
New Admissions to Std. I, V, VIII and Plus One (XI)
ST. VINCENT KINDERGARTEN
(State Syllabus - LKG & UKG)
CHAVARA CMI PUBLIC SCHOOL & JUNIOR COLLEGE Ph: 216191
CBSE (Established in 1998) From Std. I to Std. XII (Plus Two)
New Admissions to Std. I and XI (Plus One)
CHAVARA KINDERGARTEN - CBSE
(LKG & UKG)
ST. VINCENT BOARDING HOUSE
(For Boys) Ph: 212621
School buses are available
Hostel for girls (run by sisters) available near the school campus
ST. VINCENT CMI MONASTERY
(Established in 1953) Ph: 212493



റോക്കോസ് ഉൾപ്പെടെ രണ്ടു വൈദികരെ 1860 സെപ്റ്റംബറിൽ മെത്രാന്മാരായി വാഴിക്കുകയും മാർ തോമ്മാ റോക്കോസിനെ കേരളത്തിലേയ്ക്കയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ബാബേലിലെ വത്തിക്കാൻ പ്രതിനിധിയുമായി നീരസത്തിലായിരുന്നതിനാൽ പാത്രിയർക്കീസ് ഈ വിവരം അദ്ദേഹത്തെ അറിയിച്ചില്ല. അതുപോലെ തന്നെ കേരളസഭയിൽ മെത്രാനധികാരം നടത്തുവാൻ തന്റെ വ്യക്തമായ അംഗീകാരത്തോടുകൂടി മാത്രമേ മെത്രാന്മാരെ അയയ്ക്കാവൂ എന്ന് മാർപ്പാപ്പായുടെ കല്പനയുണ്ടായിരുന്നെങ്കിലും ഈ അംഗീകാരപത്രം കൂടാതെയാണ് റോക്കോസിനെ കേരളത്തിലേയ്ക്കയച്ചത്. റോക്കോസിനെ കേരളത്തിലേയ്ക്കയയ്ക്കുന്നത് അവിടെ മെത്രാൻ ഭരണം നടത്തുവാനല്ലെന്നും സഭാ കാര്യങ്ങൾ നിരീക്ഷിച്ചു പഠിച്ചുവരുവാനാണെന്നുമുള്ള കത്താണ് കൽദായ പാത്രിയർക്കീസ് അദ്ദേഹത്തിന് നൽകിയത്. വേറെ വാക്കിൽ പറഞ്ഞാൽ കേരള സഭാകാര്യങ്ങളുടെ ഒരു നിരീക്ഷകനായിട്ടല്ലാതെ ഭരണാധികാരിയായിട്ടല്ല റോക്കോസിനെ പാത്രീയർക്കീസ് അയച്ചതെന്ന കാര്യം ആരംഭം മുതൽ വ്യക്തമായിരുന്നു.

1857-ൽ ബാബെലിൽ വച്ച് കുടക്കച്ചിറയച്ചൻ ചരമം പ്രാപിക്കുകയും അദ്ദേഹത്തിന്റെ അനന്തരവൻ തൊണ്ടനാട്ട് അന്തോനിച്ചനും കൂട്ടരും കൂടി റോക്കോസ് മെത്രാനെ കൊണ്ടുവരുവാൻ ഏർപ്പെടുകൾ ചെയ്യുകയും ഇക്കാര്യം കേരളത്തിലെ അനുഭാവമുണ്ടായിരുന്ന പല പള്ളികളിലും അറിയിക്കുകയും ചെയ്തു. കൽദായ മെത്രാന് ഉചിതവും ആഡംബരപൂർണവുമായ സ്വീകരണം നൽകണമെന്ന് നേരത്തെ അറിയിച്ചതനാൽ കൊച്ചിയിൽ വന്നപ്പോൾ പല പള്ളിക്കാരും ചേർന്ന് മെത്രാനെയും സംഘത്തെയും സ്വീകരിക്കുകയും ചെയ്തു. വളരെ നാളായി പ്രതീക്ഷിച്ചിരുന്ന കൽദായ മെത്രാൻ വന്നു ചേർന്ന വാർത്ത കാട്ടുതീ പോലെ നാടെങ്ങും പരക്കുകയും മെത്രാനെ കാണുവാൻ കൂടുതൽ കൂടുതൽ പള്ളിക്കാരും സമൂഹങ്ങളും പോകുകയും ചെയ്തു. ഇതിനിടയിൽ റോക്കോസ് മെത്രാൻ കേരളത്തിലെത്തുന്നത് മാർപാപ്പയുടെ അംഗീകാരപത്രത്തോടു കൂടിയല്ലെന്ന് പ്രൊപ്പഗാന്ത തിരുസംഘത്തിൽ നിന്ന് 1860 നവംബർ 16-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ അറിയിക്കുകയും അദ്ദേഹം അത് പള്ളികളിലെല്ലാം രേഖാമൂലം അറിയിക്കുകയും റോക്കോസിനെ മെത്രാനായി സ്വീകരിക്കുന്നവർ പള്ളിക്കുറ്റത്തിൽ വീഴുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ നിർദേശപ്രകാരം ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സഭയുടെ പൊതുശ്രേഷ്ഠനായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സംഗതികളുടെ ഗൗരവം വിശദമാക്കി ജനങ്ങളും പള്ളിക്കാരും റോക്കോസിനെ തങ്ങളുടെ മെത്രാനായി സ്വീകരിക്കരുതെന്നു കാണിച്ച് 1861 ഫെബ്രുവരി മാസത്തിൽ സുറിയാനി പള്ളികളിലേയ്ക്ക് കത്തെഴുതുകയും ചെയ്തു. പക്ഷേ ഈ രണ്ടു കത്തുകൾക്കും അനുകൂലമായ പ്രതികരണം കാര്യമായൊന്നും ലഭിച്ചില്ല. വിദേശ ലത്തീൻ മെത്രാന്മാരുടെ അധീശത്വം ഉറപ്പിക്കുവാൻ അവർ ചെയ്യുന്ന ചില ഉപായങ്ങളായിട്ടു മാത്രമേ ഈ കത്തുകൾ പരിഗണിക്കപ്പെട്ടുള്ളു. അതുകൊണ്ടു തന്നെ ബഹുഭൂരിപക്ഷം ജനങ്ങളും അവയ്ക്കു കാര്യമായ വില കല്പിച്ചതായും കാണുന്നില്ല. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ നിർദേശാനുസരണം ചാവറയച്ചൻ പ്രവർത്തിച്ചു എന്നതിൽ കവിഞ്ഞ് അദ്ദേഹത്തിന്റെ കത്തിന് ഗൗരവമായ സ്വീകരണമോ തദനുസരണമുള്ള പ്രതികരണമോ ലഭിച്ചതായും കാണുന്നില്ല. ആരംഭത്തിൽ മാറി നിന്നിരുന്ന ഇടവകകളും സമൂഹങ്ങളും പോലും സാവധാനം റോക്കോസ് മെത്രാനെ ആവേശപൂർവം സ്വീകരിച്ചാദരിക്കുന്ന ചിത്രമാണ് കാണാനാകുന്നത്. ദീർഘമായ കാത്തിരിപ്പിനു ശേഷം സ്വന്ത രീതിയിൽപ്പെട്ട മെത്രാനെ ലഭിച്ചതിലുള്ള സന്തോഷവും വികാരാവേശവും അണപൊട്ടിയൊഴുകിയപ്പോൾ, അതിൽ ഉൾച്ചേർന്നിരുന്ന നൈയാമികവശങ്ങളോ സാധുതയോ ഒക്കെ വിസ്മൃതിയിലാണ്ടുപോയി എന്നു വേണം കരുതുവാൻ.

**b) റോക്കോസ് മെത്രാന്റെ പ്രവർത്തനങ്ങൾ:**

കേവലം സഭാ നിരീക്ഷകനായി 1861-ൽ മെയ് മാസം ഒമ്പതാം തീയതി കേരളത്തിലെത്തിയ റോക്കോസ് മെത്രാൻ തന്റെ അധികാരപരിധികളെല്ലാം മറികടന്നു പ്രവർത്തിക്കുന്നതായിട്ടാണ് കാണുന്നത്. സുറിയാനി പള്ളികളുടെയും സമൂഹങ്ങളുടെയും ആവേശകരമായ വരവേല്പും സ്വീകരണവും അദ്ദേഹത്തെ ശരിക്കും സ്വാധീനിച്ചതുപോലെ തോന്നി. സാധാരണ ജനങ്ങൾ അവർ ആഗ്രഹിക്കുന്ന സ്വന്ത റീത്തിൽപ്പെട്ട മെത്രാനെ കെട്ടിയ സന്തോഷത്തിമിർപ്പിൽ നിയമവശങ്ങളെപ്പറ്റി അധികം ചിന്തിക്കാതെ പോയെങ്കിൽ, എവിടെയും എല്ലായിടത്തും മെത്രാനടുത്ത സ്വീകരണം ലഭിച്ച റോക്കോസ് ജനങ്ങളുടെ അംഗീകാരത്തിൽ മനം മയങ്ങിയതുപോലെയായി. ഈ അവസരം മുതലാക്കി തൊണ്ടനാട്ട് അന്തോനിയച്ചനും കൂട്ടരും മെത്രാനടുത്ത് അധികാരാവകാശങ്ങൾ ജനമധ്യത്തിൽ പ്രായോഗികമാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അത് ഒരു വശത്ത് അവരുടെ അവകാശങ്ങൾക്കുള്ള നീതീകരണമായും മറുവശത്ത് റോക്കോസ് മെത്രാനുള്ള ജനത്തിന്റെ വസ്തുതാപരമായ (de facto) അംഗീകാരം, ഒരു പക്ഷേ റോമിൽ നിന്ന് അംഗീകാരം നേടാനിടയാക്കുന്ന വഴിയായും അവർ സ്വപ്നം കണ്ടിരുന്നിരിക്കാം. അർദ്ധസത്യങ്ങളും കുറെയൊക്കെ അസത്യങ്ങളും പ്രതീക്ഷകളും നൽകി ജനത്തെയും ജനനായകരെയും റോക്കോസിനെത്തന്നെയും അവർ കബളിപ്പിക്കുകയായിരുന്നെന്നു കരുതുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. അതിലൂടെ സ്വന്ത നിലപാടുകൾക്ക് ന്യായീകരണവും ജനത്തിനു സംതൃപ്തിയും റോക്കോസിന് അധികാരാഭിനിവേശവും നൽകാൻ അവർക്കു കഴിഞ്ഞു. റോക്കോസ് മെത്രാൻ ശെമ്മാശ്ശന്മാർക്ക് ചെറുപട്ടങ്ങളും ചില ഡീക്കന്മാർക്ക് പൗരോഹിത്യപട്ടവും നൽകിയതുൾപ്പെടെ തന്റെ മെത്രാനടുത്ത അധികാരങ്ങൾ വിനിയോഗിക്കുകയും അംഗീകാരം ആവശ്യപ്പെടുകയും ചെയ്തു. വികാരതലത്തിലുള്ള, മെത്രാന്റെയും ജനത്തിന്റെയും അനുഭവം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം കാലം മാത്രമേ നിലനില്ക്കൂ എന്നറിഞ്ഞിരുന്നതിനാൽ തൊണ്ടനാട്ട് അന്തോണിച്ചനും കൂട്ടരും യഥാർത്ഥ വസ്തുതകൾ ജനത്തിൽ നിന്ന് മറച്ചു വച്ച് അവർക്ക് മാർഗഭ്രംശം വരുത്തുകയാണു ചെയ്തത്. ദുരുപദിഷ്ടമായ ഈ പ്രവർത്തനങ്ങൾ ഫലത്തിൽ സഭയിൽ ഒരു ഛിദ്രം സൃഷ്ടിക്കയാണ് ചെയ്യുന്നതെന്നും, അത് കഴിയുന്നത്ര വേഗം വിജയകരമായി തടഞ്ഞില്ലെങ്കിൽ സഭാതരുവിനെ ശാശ്വതമായിത്തന്നെ ബാധിക്കുമെന്നും മനസിലാക്കിയ വരാപ്പുഴയുടെ അധികാരികൾ അതിനായി തെരഞ്ഞെടുത്തത് സുറിയാനിക്കാർക്ക് പ്രിയംകരനും സുസമ്മതനും, സന്യാസസമൂഹത്തിന്റെ പൊതുശ്രേഷ്ഠനുമായിരുന്ന ചാവറയച്ചനെ തന്നെയാണ്. താമസമെന്യേ 1861 ജൂൺ മാസം എട്ടാം തീയതി അദ്ദേഹത്തെ കേരളത്തിലെ കൽദായ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറാളായി നിയമിക്കുകയും ചെയ്തു. സ്ഥാനമാനങ്ങളിൽ തല്പരനായിരുന്നില്ലെങ്കിലും മാതൃസഭയെ വിനാശകരമായ ഛിദ്രത്തിൽ നിന്ന് രക്ഷിക്കുവാൻ, വലിയ വില കൊടുക്കേണ്ടിവരുമെന്നറിഞ്ഞുകൊണ്ടു തന്നെ, അദ്ദേഹം ആ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

## വാഴ്ത്തപ്പെട്ട ചാവറയച്ചനും റോക്കോസ് ശീശ്മയും

**a) ലത്തീനധികാരികളും ചാവറയച്ചനും:**

പ്രൊപ്പഗാന്താ തിരുസംഘത്തിൻ കീഴിലുള്ള വരാപ്പുഴ
വികാരി അപ്പസ്തോലിക്കയുടെ അധികാര സീമയിലാണ്
1829-ൽ സി.എം.ഐ സഭാ സ്ഥാപനത്തിന് പ്രാരംഭം കുറി
ക്കുന്നത്. 1831-ൽ മെയ് 11-ാം തീയതി മാന്നാനം കുന്നിൽ
കുരിശും താമസിയാതെ കപ്പേളയും സ്ഥാപിച്ചെങ്കിലും
1840-ഓടു കൂടിയാണ് സമൂഹജീവിതം ആരംഭിക്കുന്നത്.
(സന്യാസവ്രതങ്ങളനുഷ്ഠിച്ചുകൊണ്ട് നിയമപരമായ സന്യാ
സസഭാ സ്ഥാപനത്തിനുവേണ്ടി മേലദ്ധ്യക്ഷന്മാർക്ക് തുടരെ
അപേക്ഷകൾ നൽകിയെങ്കിലും പല കാരണങ്ങളാൽ അനു
കൂലമായ പ്രതികരണം ലഭിക്കുവാൻ കാലതാമസം നേരിട്ടു.
1841-ൽ ബ.പാലയ്ക്കൽ തോമ്മാമല്പാനച്ചനും, 1846-ൽ
ബ.പോരുക്കര തോമ്മാമല്പാനച്ചനും ചരമം പ്രാപിച്ചു.)
1855-ലാണ് ചാവറയച്ചനും അദ്ദേഹത്തോടു കൂടി മറ്റു പത്തു
ബ.വൈദികരും നിയമാനുസൃതം സന്യാസവ്രതങ്ങളനുഷ്ഠി
ച്ചുകൊണ്ട് സന്യാസജീവിതം സമാരംഭിക്കുന്നത്.

ആദ്യം വ്രതം ചെയ്ത പതിനൊന്നു പിതാക്കന്മാരും സുറി
യാനിക്കാരായിരുന്നെങ്കിലും നൈയാമിക സ്ഥാപനം അന്നു
നിലവിലിരുന്ന ലത്തീൻ കാനോനാനിയമങ്ങൾക്കും സഭാ
കീഴ്വഴക്കങ്ങൾക്കും അനുസരിച്ചായിരുന്നു. ഉദയംപേരൂർ
സുനഹദോസിനുശേഷം രണ്ടര ശതാബ്ദത്തിലേറെ ലത്തീ
നധികാരത്തിൻ കീഴിൽ ലത്തീനീകരിക്കപ്പെട്ട പൗരസ്ത്യസ
മുഹമായിരുന്നുകൊണ്ട് പൗരസ്ത്യ സഭാ പാരമ്പര്യങ്ങളെ

ക്കുറിച്ചുള്ള അറിവും പരിചയവും അവർക്ക് പ്രായേണ
കുറവായിരുന്നെങ്കിലും സുറിയാനി പാരമ്പര്യങ്ങൾക്കനുസ
രിച്ച് പല തിരുത്തലുകൾക്കും അവർ ആവശ്യപ്പെട്ടിരുന്നു.
ദീർഘനാളത്തെ പ്രാർത്ഥനയ്ക്കും പരിശ്രമത്തിനും കാത്തി
രിപ്പിനും ശേഷം അംഗീകാരം ലഭിച്ച സന്യാസ സമൂഹ
മെന്ന നിലയിലും, ചാവറയച്ചൻ അതിന്റെ നായകനെന്ന
നിലയിലും വിവേകത്തോടും സൂക്ഷ്മതയോടും കൂടി
ഓരോ ചുവടും മുന്നോട്ടുവയ്ക്കേണ്ടത് സന്യാസസമൂഹ
ത്തിന്റെയും അതിന്റെ നേതൃത്വത്തിലേയ്ക്ക് ഉറ്റുനോക്കി
യിരുന്ന സുറിയാനി സഭയുടെയും ഭാവിയെ സാരമായി
ബാധിക്കുന്ന കാര്യമാണെന്ന അവബോധം അവർക്കുണ്ടാ
യിരുന്നുവെന്നും അനുമാനിക്കുന്നതിൽ തെറ്റില്ല.

രാഷ്ട്രീയമായി ബ്രിട്ടീഷ് ഭരണാധികാരമാണ് ഉണ്ടായി
രുന്നത്. അവരും മറ്റു യൂറോപ്യൻ ഭരണാധികാരികളെപ്പോലെ
തന്നെ വാണിജ്യതാല്പര്യങ്ങൾക്കു മുൻഗണന നൽകിയി
രുന്നതുകൊണ്ടും വത്തിക്കാനുമായുണ്ടായിരുന്ന ബന്ധ
ങ്ങൾക്കനുസൃതമായി രാഷ്ട്രീയവും സഭാപരവുമായ നില
പാടുകൾ സ്വീകരിച്ചിരുന്നു. നിലവിലുള്ള സമാധാനാന്തരീ
ക്ഷത്തിന് കോട്ടം വരുത്തുന്നതൊന്നും അവർക്കു സ്വീകാ
ര്യമായിരുന്നില്ല. സുറിയാനിക്കാരുടെ റീത്തു സ്നേഹവും
സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കണമെന്ന അദമ്യമായ
അഭിലാഷവും കേരളത്തിലെ വിദേശ ലത്തീൻ ഭരണാധികാ
രികൾക്കറിയാമായിരുന്നെങ്കിലും വിദേശികളോ സ്വദേശി
കളോ ആയ സുറിയാനി മെത്രാന്മാർക്ക് ഭരണാധികാരം വിട്ടു
കൊടുക്കുവാൻ അവർ തയാറായിരുന്നില്ല. സങ്കീർണമായ
ഈ സാഹചര്യത്തിലും സ്വന്തറീത്തിലും ജാതിയിലുംപെട്ട
മെത്രാനെ ലഭിക്കുകയെന്നത് കേരള സുറിയാനി സഭയുടെ
ന്യായമായ അവകാശമാണെന്നും ആ കാര്യസാദ്ധ്യത്തിനു
വേണ്ടി ന്യായമായ ശ്രമങ്ങൾ തെറ്റല്ലെന്നുമുള്ള ബോദ്ധ്യവും
ചാവറയച്ചനും കൂട്ടർക്കും ഉണ്ടായിരുന്നു. ഈ കാര്യസാദ്ധ്യ
ത്തിനുള്ള വഴി സുദീർഘവും തിരിച്ചടികൾ ഉൾക്കൊള്ളുന്ന
തുമായാൽപ്പോലും വ്യവസ്ഥാപിത മാർഗങ്ങളിലൂടെ അതു
നേടിയെടുക്കുവാൻ ശ്രമിക്കേണ്ടതാണെന്നും അവർ കരുതി
യിരുന്നു. ഈ ആവശ്യത്തിനായി റോമൻ തിരുസംഘത്തിന്റെ
തലവനായ കർദ്ദിനാളിന് ചാവറയച്ചൻ തന്നെ രണ്ടു കത്തു
കളെഴുതുന്നത് ചാവറയച്ചന്റെയും അദ്ദേഹത്തിന്റെ സമൂഹ
ത്തിന്റെയും നിലപാടുകൾക്കുള്ള ഉത്തമതെളിവുകളാണ്.

## b) എന്തുകൊണ്ട് ചാവറയച്ചൻ റോക്കോസ് മെത്രാനെ തിരേ?

സ്വന്തറീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്ന കാര്യത്തിൽ
തല്പരനായിരുന്നിട്ടും, കൽദായ പാത്രിയർക്കീസിനാൽ അയ
യ്ക്കപ്പെട്ട മാർതോമ്മാ റോക്കോസ് മെത്രാനെ അംഗീകരിച്ച്
സ്വീകരിക്കാതിരിക്കുകയും കേരളം വിട്ട് സ്വന്തനാട്ടിലേയ്ക്ക്
തിരികെ പോകുന്നതുവരെ അദ്ദേഹത്തിനെതിരെ ശക്തമായി
പൊരുതുകയും ചെയ്യുവാൻ ചാവറയച്ചനെയും അനുയായി
കളെയും പ്രേരിപ്പിച്ച ചേതോവികാരം എന്ത് എന്ന ചോദ്യം
ഇവിടെ പ്രസക്തമാണ്. യുക്തിസഹമായി കരുതാവുന്ന മൂന്നു
നാലു സാദ്ധ്യതകളുണ്ട്: ഒന്ന്, രാഷ്ട്രീയ, സഭാരംഗങ്ങളിൽ
യൂറോപ്യൻ അധിനിവേശം കൊടികുത്തിവാണിരുന്ന അക്കാ
ലത്ത് ഇമ്മാതിരി കുരിശുയുദ്ധങ്ങൾക്ക് വിജയസാദ്ധ്യത കുറ
വാണെന്ന തിരിച്ചറിവ്. രണ്ട്, കൽദായ പാത്രിയർക്കീസിന്റെ
അനുവാദത്തോടുകൂടി നിരീക്ഷകനായി വന്നതാണെങ്കിലും
റോക്കോസ് മെത്രാന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഉപ
കാരത്തെക്കാളേറെ ഉപദ്രവമാണ് സഭയ്ക്ക് നൽകുന്നതെന്ന
ബോദ്ധ്യം. മൂന്ന്, റോക്കോസ് മെത്രാനെ കൊണ്ടുവന്നവരും
കൊണ്ടു നടന്നവരിൽ പ്രധാനികളും ലത്തീനധികാരികളു
മായി നേരത്തെതന്നെ അഭിപ്രായ വ്യത്യാസത്തിലും നീര
സത്തിലും കഴിഞ്ഞിരുന്നതുകൊണ്ട് അവരുടെ അവകാശ
വാദങ്ങൾ സംശയാസ്പദമായി കരുതിയതാകാം. നാല്, അട
ങ്ങാത്ത അവകാശവാദങ്ങളുടെയും ഒടുങ്ങാത്ത തർക്കവി
തർക്കങ്ങളുടെയും പശ്ചാത്തലത്തിൽ റോക്കോസ് മെത്രാന്
പ്രസക്തമായ അധികാരപത്രവും തജ്ജന്യമായ അവകാശ
ങ്ങളും ഉണ്ടെന്ന് അസന്ദിഗ്ധമായി ബോദ്ധ്യമായ ശേഷം
മാത്രം അദ്ദേഹത്തെ സ്വീകരിക്കുകയോ അതല്ലെങ്കിൽ തിര
സ്കരിക്കുകയോ ചെയ്യാമെന്ന സുചിന്തിതവും വസ്തുനിഷ്ഠ
വുമായ നിലപാടായിരിക്കാം. ആദ്യത്തെ മൂന്ന് സാദ്ധ്യതകളും
തീർത്തും പ്രസക്തിരഹിതമല്ലെങ്കിലും വളരെ പരിമിതികളു
ള്ളവയാണ്. അതുകൊണ്ട് ചാവറയച്ചനെ അവ കാര്യമായി
സ്വാധീനിച്ചുവെന്നു ചിന്തിക്കുവാൻ പ്രയാസമുണ്ട്. എന്നാൽ
അവയ്ക്കെല്ലാം ഉപരി നാലാമത്തെ യുക്തിഭദ്രവും സുചി


ചാവറയച്ചൻ എഴുത്തിന്റെ പണിപ്പുരയിൽ- ഒരു പെയിന്റിംഗ്

ന്തിതവും വസ്തുനിഷ്ഠവുമായ നിലപാടാണ് അദ്ദേഹം
സ്വീകരിച്ചതെന്നനുമാനിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നു
ന്നില്ല. സമൂഹമദ്ധ്യത്തിൽ ആദരണീയനും സ്വീകാര്യനും
വിശുദ്ധനുമായ വ്യക്തി എന്ന നിലയിലും ഭാരതത്തിലെ
പ്രഥമ ഏതദ്ദേശീയ സന്യാസ സമൂഹത്തിന്റെ പൊതുശ്രേ
ഷ്ഠൻ എന്ന നിലയിലും സഭയിലും സമൂഹത്തിലും അദ്വി
തീയമായ സ്ഥാനവും വിശ്വാസ്യതയും അദ്ദേഹത്തിനുണ്ടാ
യിരുന്നു. ആ നിലയ്ക്ക് അദ്ദേഹം സ്വീകരിക്കുന്ന നിലപാടു
കളും എടുക്കുന്ന തീരുമാനങ്ങളും ദൂരവ്യാപകമായ ഫല
ങ്ങൾ ഉളവാക്കുവാൻ പോരുന്നവയുമായിരുന്നു. അതുകൊ
ണ്ടുതന്നെ തീരുമാനങ്ങൾ യുക്തിഭദ്രതയോടും യാഥാർത്ഥ്യ
ബോധത്തോടും കൂടി വിലയിരുത്തിയശേഷം മാത്രം സ്വീക
രിക്കേണ്ടതുമായിരുന്നു. ഇമ്മാതിരി തീരുമാനങ്ങളിൽ ന്യായാ
ന്യായങ്ങൾ ഉള്ളുരുകിയ പ്രാർത്ഥനയുടെയും പ്രായശ്ചിത്ത
ത്തിന്റെയും പശ്ചാത്തലത്തിൽ ദൈവികപ്രേരണയോടുകൂ
ടിയ തിരിച്ചറിവിന്റെ പ്രാധാന്യവും അദ്ദേഹം കണക്കിലെടു
ത്തിരുന്നുവെന്ന് ന്യായമായും കരുതണം. തിരിയുന്നിട
ത്തെല്ലാം നെസ്തോറിയൻ തുടങ്ങിയ പാഷണ്ഡതകൾ
കേരള സഭയിൽ ആരോപിച്ചിരുന്ന വിദേശ സഭാധികാരി
കൾക്ക് പുതിയൊരു ഛിദ്മത്തിന്റെ വടി കൊടുക്കുവാൻ ചാവ
റയച്ചനെപ്പോലെയുള്ളവർ തയാറായിരുന്നില്ലെന്നും ന്യായ
മായും അനുമാനിക്കാവുന്നതാണ്.

## c) മാനദണ്ഡം ലത്തീനധികാരികൾക്കും ബാധകം

അതിപ്രധാനമായ മറ്റൊരു കാര്യം കൂടി അനുസ്മരിക്കേ
ണ്ടതുണ്ട്. മേലധികാരികളോടുള്ള ആദരവിനും ബഹുമാന
ത്തിനും കുറവു വരാതെ തന്നെ അവരുടെ ചെയ്തികളെല്ലാം
ഈയവസരത്തിൽ വസ്തുനിഷ്ഠമായി വിധിവിധേയമാക്കുന്ന
നിലപാടാണ് ചാവറയച്ചൻ സ്വീകരിച്ചതെന്നു കാണാം.
റോക്കോസ് മെത്രാൻ വേണ്ട അനുമതിയോടു കൂടിയല്ല
മെത്രാനടുത്ത അധികാരാവകാശങ്ങൾ കേരളത്തിൽ പ്രയോ
ഗിക്കുന്നതെന്ന് റോമിൽ നിന്ന് വരാപ്പുഴ വികാരി അപ്പസ്തോ
ലിക്കയെ അറിയിച്ചു.

അദ്ദേഹം ആ വിവരം ചാവറയച്ചനെയും സുറിയാനിപ്പ
ള്ളിക്കാരെയും അറിയിക്കുകയും ചെയ്തു. വരാപ്പുഴ വികാരി
അപ്പസ്തോലിക്കായുടെ നിർദേശമനുസരിച്ച് റോക്കോസിനെ
സുറിയാനിപ്പള്ളികളിൽ ന്യായമായ മെത്രാനെപ്പോലെ സ്വീക

രിക്കരുതെന്ന് ചാവറയച്ചൻ കത്തെഴുതിയെന്നത് വസ്തുതയാണെങ്കിലും വരാപ്പുഴയുടെ ഈ അവകാശവാദത്തെപ്പോലും വിവാദത്തിന്റെ പശ്ചാത്തലത്തിൽ വിധേയപുരസ്സരം യാഥാർത്ഥ്യാന്വേഷണത്തിന്റെ പേരിൽ വിധിവിധേയമാക്കുന്ന ചാവറയച്ചനെയാണ് നാം കാണുന്നത്. സംഗതികളുടെ യഥാർത്ഥസ്ഥിതി അറിയുവാനുള്ള തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്കെഴുതിയ രണ്ടു കത്തുകൾ ഇതിന്റെ ഈടുറ്റ സാക്ഷ്യങ്ങളാണ്. രണ്ടാമത്തെ കത്തിൽ വിവരം അദ്ദേഹത്തെ നേരിട്ടറിയിക്കണമെന്നും, തങ്ങളുടെ ആരാധനക്രമഭാഷയായ സുറിയാനിയിൽത്തന്നെ മറുപടി വേണമെന്നും ഒരളവുവരെ നിർബന്ധപൂർവം മാർപ്പാപ്പയോടഭ്യർത്ഥിക്കുന്നതും ശ്രദ്ധേയമാണ്. വസ്തുതകൾ മറ്റൊരാൾ വഴിയോ ഭാഷാതർജ്ജമയിലൂടെ മാത്രമോ ലഭിച്ചാൽ അന്നത്തെ കലുഷിതാന്തരീക്ഷത്തിൽ വസ്തുതകളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുവാൻ സാദ്ധ്യതയുണ്ടെന്നു മനസിലാക്കിക്കൊണ്ടുതന്നെയാകണം ഇത്തരത്തിലൊരഭ്യർത്ഥന മാർപ്പാപ്പയ്ക്കു സമർപ്പിക്കുവാൻ അദ്ദേഹം തയാറായത്. കാലതാമസവും ഇരുപക്ഷത്തുനിന്നുള്ള വിരോധവും ക്ഷണിച്ചുവരുത്തിയേക്കാമെങ്കിലും, ആത്യന്തികമായി രണ്ടു ഭാഗത്തുനിന്നും അപവാദത്തിനിടയാകാത്തതും സത്യത്തിനു മാത്രം മുൻഗണന നല്കുന്നതുമായ സുധീരമായ നിലപാട്! സത്യം അന്വേഷിക്കുകയും അതുമാത്രം അംഗീകരിക്കുകയും അതിനെമാത്രം എന്തു വിലകൊടുക്കേണ്ടിവന്നാലും, അനുധാവനം ചെയ്യുകയും ചെയ്യുകയുള്ളൂവെന്ന ഉറച്ച നിലപാടിൽ നിന്ന് ഒരു ശക്തിക്കും അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ കഴിഞ്ഞില്ല.

### d) ചാവറയുടെ സഭാദർശനം

കൊളോണിയൽ രാഷ്ട്രീയാധികാരവും സഭാധികാരവും പലപ്പോഴും കൈകോർത്ത് അവരുടെ പൊതുലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ സഭാധികാരശ്രേണികളെ ദുരുപയോഗിച്ച സംഭവങ്ങളും അവസരങ്ങളുമുണ്ട്. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടിയാകാം ന്യായമായ നിയമനപത്രമോ അധികാരാവകാശങ്ങളോ ഇല്ലായെന്നു കേട്ടിട്ടും റോക്കോസ് മെത്രാനെ ആവേശപൂർവം സ്വീകരിക്കുവാൻ സുറിയാനിക്കാരിൽ മഹാഭൂരിപക്ഷവും തയാറായത്. അവരുടെ ന്യായമായ അവകാശവാദങ്ങൾ സ്വീകരിക്കപ്പെടാത്ത സാഹചര്യത്തിൽ വളരെ നാളുകൾക്കുശേഷം സ്വന്തം റീത്തിൽ നിന്ന് ലഭിച്ച മെത്രാനെ, ചില നൈയാമിക പ്രതിബന്ധങ്ങൾ അവഗണിച്ചുകൊണ്ടു പോലും, അവർ സ്വീകരിച്ചെങ്കിൽ റീത്തിനോടുള്ള അവരുടെ അകമഴിഞ്ഞ സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും വേർപിരിയാനാകാത്ത ബന്ധത്തിന്റെയും അതിരുകടന്ന പ്രകടനമായിത്തന്നെ കണക്കാക്കാം. ജനസാമാന്യത്തിന്റെ വികാരാവേശങ്ങളുടെ കുത്തൊഴുക്കിൽ അവരും സൂക്ഷിക്കേണ്ട ചില നിയമവശങ്ങളും ആധികാരികതയുടെ അനുപേക്ഷണീയ നിബന്ധനകളും വേണ്ടവണ്ണം കണക്കിലെടുക്കുകയോ വിശകലന വിമർശന വിധേയമാക്കുകയോ ചെയ്തില്ലെന്നു വരാം.

എന്നാൽ തന്റെ കാലഘട്ടത്തിലെ വൈദിക സമൂഹത്തിൽ ദൈവവിജ്ഞാനീയത്തിലും വിശുദ്ധ ഗ്രന്ഥ പാണ്ഡിത്യത്തിലും ദൈവഭക്തിയിലും സഭാ സ്നേഹത്തിലും അദ്വിതീയനായിരുന്ന ചാവറയച്ചന്റെ കാഴ്ചപ്പാടിനും പ്രവർത്തനങ്ങൾക്കും വിശ്വാസബദ്ധവും സഭാനിയമാനുസൃതവുമായ ചില മാനദണ്ഡങ്ങളുണ്ടായിരുന്നു. സമൂഹത്തെ വിശുദ്ധീകരിക്കുവാനും പഠിക്കുവാനും ദൈവിക പദ്ധതിയിലൂടെ നടത്തുവാനും നിയുക്തനായ വൈദികൻ എന്ന നിലയിൽ വൈദിക, സന്യാസ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ അദ്ദേഹം ഗൗരവമായിത്തന്നെ കാണുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തിരുന്നു.

സഭാസംബന്ധമായ കാര്യങ്ങളിൽ ജനത്തിന് വ്യക്തമായദർശനവും ശരിയായ ദിശാബോധവും നൽകേണ്ട ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. 'ദൈവമാണെന്റെ ഓഹരി' എന്ന സങ്കീർത്തനപാദം ആദർശമായി സ്വീകരിക്കുകയും, തിരുസഭയെ ഒന്നായി ദർശിച്ച് മാതൃതുല്യം സ്നേഹിക്കുകയും ചെയ്തിരുന്ന അദ്ദേഹം ന്യായമായ സഭാധികാരികളുടെ കല്പനകളിലും തീരുമാനങ്ങളിലും ദൈവികപദ്ധതിയുടെ കാലികമായ ആവിഷ്കരണമാണ് കണ്ടത്. അതിനാൽ വേദനാജനകമായിരുന്നാൽപ്പോലും അവയെ സർവ്വാത്മനാ സ്വീകരിക്കുകയും ആദരവോടെ അനുവർത്തിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

സ്വർഗത്തിൽ പരിശുദ്ധ ത്രീത്വത്തിന്റെയും ലോകത്തിൽ തിരുക്കുടുംബത്തിന്റെയും മാതൃകയിൽ സഭയെ മുഴുവൻ ഒരു വിശാല കുടുംബമായിക്കണ്ട ചാവറയച്ചന് സഭയുടെ ഐക്യത്തിനും കെട്ടുറപ്പിനും കോട്ടം വരുത്തുന്ന നീക്കങ്ങളും തീരുമാനങ്ങളും ഒരിക്കലും സ്വീകാര്യമായിരുന്നില്ല. ദുരൂഹവും കയ്പുനിറഞ്ഞതുമായ തീരുമാനങ്ങളായിരുന്നാൽപ്പോലും സഭയുടെ ഐക്യത്തിനു വിഘാതമാകുന്ന തരത്തിൽ എതിർത്തു തോല്പിക്കുക എന്നതിനേക്കാൾ സ്വീകരിച്ചു സംവദിക്കുന്ന വിശ്വാസാത്മകമായ നയമാണ് അദ്ദേഹം എന്നും സ്വീകരിച്ചിരുന്നത്. ഇത്തരം പ്രവർത്തനശൈലിക്ക് ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വേറെയും കാണാൻ കഴിയും.

### e) ചാവറയച്ചൻ വിശ്വാസസംരക്ഷകൻ:

കേരളസഭയുടെ കത്തോലിക്കാ വിശ്വാസ സംരക്ഷണത്തിനുവേണ്ടി, റോക്കോസ് ശീശ്മയുടെ പശ്ചാത്തലത്തിൽ രണ്ടു സുപ്രധാന നേട്ടങ്ങളാണ് ചാവറയച്ചൻ കൈവരിച്ചത്. ഒന്ന്, അവശ്യം വേണ്ട അധികാരാനുമതികൾ കൂടാതെ അധികാരം പ്രയോഗിക്കുവാനും കൈവശപ്പെടുത്തുവാനും പരിശ്രമിച്ച റോക്കോസ് മെത്രാനെയും അടുത്ത അനുയായികളെയും സുധീരം നേരിടുകയും അദ്ദേഹത്തെ മനസാന്തരപ്പെട്ട വ്യക്തിയായി സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്തത്. രണ്ട്, റീത്തിനോടുള്ള സ്നേഹത്തിന്റെ ആവേശത്തിൽ റോക്കോസ് മെത്രാന്റെ പക്ഷം ചേർന്ന് കേരളസഭയിലെ മഹാഭൂരിപക്ഷം സുറിയാനി പള്ളികളെയും വിശ്വാസികളെയും അവരുടെ തെറ്റു പറഞ്ഞു മനസിലാക്കി, കത്തോലിക്കാ വിശ്വാസത്തിലേയ്ക്കും മാർപാപ്പായുടെ അധികാര സീമയിലേയ്ക്കും തിരിച്ചുകൊണ്ടുവന്നത്. ഈ സംഭവവികാസങ്ങളുടെ പിന്നിൽ ചാവറയച്ചനും സഹകാരികളും നടത്തിയ വീരോചിതപ്രവർത്തനങ്ങളും പ്രദർശിപ്പിച്ച സാഹസിക ധീരതയും, അചഞ്ചലവും അഗാധവുമായ സഭാസ്നേഹവും കേരളസഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട അദ്ധ്യായമാണ്. കേരളസഭ വിശ്വാസ ഐക്യം വീണ്ടെടുക്കുന്നതിനും സുശക്തവും സുസംഘടിതവുമായി മുന്നേറുന്നതിനു കളമൊരുക്കുന്നതിലും ചാവറയുടെയും കൂട്ടരുടെയും പങ്ക് അനിഷേധ്യവും അവിസ്മരണീയവുമാണ്. അദ്ദേഹം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാലഘട്ടത്തിലെ ചിന്താധാരകളും, ചരിത്ര, സാമൂഹ്യപശ്ചാത്തലങ്ങളും പരിമിതികളും മുൻനിറുത്തി വിലയിരുത്തുമ്പോൾ ചാവറയച്ചനെ അധീശശക്തികളുടെ അനുഭാവിയായിട്ടോ സ്വന്തറീത്തിന്റെയും പാരമ്പര്യത്തിന്റെയും വിരോധിയായിട്ടോ കാണുവാൻ ഒരിക്കലും സാധിക്കയില്ല.

## ഉപസംഹാരം

കേരളസഭാചരിത്രത്തിലെ നിർണായകവും ആവേശകരവും ക്രിയാത്മകവുമായ ഒരു കാലഘട്ടത്തിനു തുടക്കം കുറച്ച ആശയസംഘട്ടനങ്ങളും മാനസികസംഘർഷങ്ങളും നിറഞ്ഞ കാലയളവിൽ, ആഴമായ വിശ്വാസത്തിന്റെയും, സുദൃഢമായ സഭാ സ്നേഹത്തിന്റെയും ആത്മാർത്ഥവും നിഷ്പക്ഷവുമായ സത്യാന്വേഷണത്തിന്റെയും പാതയിലൂടെ സഭാ നൗകയെ വിദഗ്ധമായി നയിച്ച വിനീതനായ സഭാശുശ്രൂഷിയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സഭയ്ക്കെതിരേ ആഞ്ഞടിച്ച റോക്കോസ് ശീശ്മ കൊടുങ്കാറ്റിൽ നിന്ന് സ്വന്തം ജീവൻ പോലും പണയപ്പെടുത്തി അതിനെ രക്ഷിക്കുകയും ശാന്തമായ തുറമുഖത്തെത്തിക്കുകയും ചെയ്ത ചാവറയച്ചനെ വിശ്വാസ സംരക്ഷകൻ എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടും ന്യായപൂർണവും അർത്ഥസമ്പുഷ്ടവുമാണ്. അദ്ദേഹത്തിൽ വിളങ്ങിയ സത്യത്തോടുള്ള പ്രതിബദ്ധതയും സ്തുതിക്കും ഭീഷണിക്കും വഴങ്ങാത്ത ധീരമായ നിലപാടും എന്തു വിലയും കൊടുത്ത് സഭയുടെ വിശ്വാസവും ഐക്യവും ഊട്ടിവളർത്തുന്ന നേതൃത്വശൈലിയും പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറുവാൻ ഇന്നത്തെ കേരള സുറിയാനി സഭയ്ക്ക് പ്രചോദനവും മാർഗദീപവുമരുളട്ടെ.

### ആധാരകൃതികൾ:

1. ചാവറയച്ചന്റെ നാളാഗമങ്ങൾ : സമ്പൂർണകൃതികൾ Vol. II
2. ഫാ. ബർണാർദ് T.O.C.D : സി.എം.ഐ സഭ ആദ്യദശകങ്ങളിൽ
3.. Pius Malekandathil (ed.) Jarnada of Dom Alexis de Menezes
4. ഫാ. സെഡ് എം. മൂഴൂർ : അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ
5. Fr. Lucas Vithuvattickal C.M.I : History of the Roccos Schism, Herald of the East , Vol. VI, Nos. 1-3 & 4